ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 26.09.2024**

## പ്രധാനവാർത്തകൾ

1). രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് സിയാച്ചിൻ സന്ദർശിക്കും. ബേസ് ക്യാമ്പിലെ സൈനികരുമായി രാഷ്ട്രപതി ആശയവിനിമയം നടത്തും.

2). നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ ആധുനിക സുരക്ഷാ സംവിധാനവും പുതുക്കിയ ലോഞ്ചും മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യു.

3). കേരള ഹൈക്കോടതിയുടെ പുതിയ ചീഫ് ജസ്റ്റിസായി ജസ്റ്റിസ് നിതിൻ മധുകർ ജാംദാർ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.

4). സംസ്ഥാനത്ത് യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് കൂടുതലെന്ന് കേന്ദ്ര സ്ഥിവിവരക്കണക്ക് മന്ത്രാലയം.

5). തൃശൂർ പൂരവുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ വീണ്ടും അന്വേഷണം നടത്താൻ ആഭ്യന്തര സെക്രട്ടറി ശുപാർശ ചെയ്യു.

*******************************************

RNU TVPM

## രാഷ്ട്രപതി -സിയാച്ചിൻ ബേസ് ക്യാമ്പ്

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് സിയാച്ചിൻ ബേസ് ക്യാമ്പ് സന്ദർശിക്കും. സന്ദർശനവേളയിൽ അവിടെ നിയോഗിച്ചിട്ടുള്ള സൈനികരുമായി രാഷ്ട്രപതി ആശയവിനിമയം നടത്തും. സിയാച്ചിൻ സന്ദർശിക്കുന്ന രാജ്യത്തെ മൂന്നാമത്തെ രാഷ്ട്രപതിയാണ് ശ്രീമതി മുർമു.

****************************************

## സിയാൽ - മുഖ്യമന്ത്രി

നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ രണ്ട് സുപ്രധാന പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. വിമാനത്താവള ഓപ്പറേഷണൽ മേഖലയുടെ സുരക്ഷയ്ക്കായി ഒരുക്കിയ അത്യാധുനിക ഇലക്ട്രോണിക് കവചവും പുതുക്കിയ ലോഞ്ചും ആണ് ഉദ്ഘാടനം ചെയ്തത്. വിമാനത്താവളത്തിൽ ഈ മാസം ഒന്നിന് കമ്മിഷൻ ചെയ്ത *0484 എയ്റോ ലോഞ്ചിൽ* അടുത്തമാസം ബുക്കിങ് തുടങ്ങുമെന്ന് സിയാൽ അറിയിച്ചു.

RNUTVPM

****************************************

## കേരള ട്രാവൽ മാർട്ട്

കേരള ട്രാവൽ മാർട്ടിൻറെ പന്ത്രണ്ടാം പതിപ്പ് ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും. ഉത്തരവാദിത്ത ടൂറിസം, Meetings, Incentives, Conference and Exhibitions അഥവാ മൈസ്, വിനോദസഞ്ചാരം, വെഡിങ് ഡെസ്റ്റിനേഷൻ, ക്രൂസ് ടൂറിസം തുടങ്ങിയ മേഖലകളിലാണ് ഇത്തവണ ട്രാവൽ മാർട്ട് കേന്ദ്രീകരിക്കുന്നത്. മന്ത്രിമാരായ മുഹമ്മദ് റിയാസ്, കെ എൻ ബാലഗോപാൽ തുടങ്ങിയവർ

ചടങ്ങിൽ പങ്കെടുക്കും. നാളെ മുതൽ 29 വരെ വെല്ലിംഗ്ടൺ ഐലൻഡിലാണ് പരിപാടി.

**************************************

**<u>തൊഴിലില്ലായ്മ നിരക്ക്</u>**

സംസ്ഥാനത്ത് യുവാക്കൾക്കിടയിൽ തൊഴിലില്ലായ്മ നിരക്ക് കൂടുതലെന്ന് കേന്ദ്ര സ്ഥിവിവരക്കണക്ക് മന്ത്രാലയം.വാർഷിക തൊഴിൽ കണക്കെടുപ്പ് പ്രകാരം 15 മുതൽ 29 വയസ് വരെയുള്ളവരിൽ  കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 29.9 ശതമാനമാണ്. വനിതകൾക്കിടയിൽ 47.1 ശതമാനവും പുരുഷന്മാർക്കിടയിൽ 19.3 ശതമാനവുമാണ് തൊഴിലില്ലായ്മ നിരക്ക്. അതേസമയം, രാജ്യത്തെ തൊഴിലില്ലായ്മാ നിരക്കിൽ ഗണ്യമായ കുറവുണ്ട്. ദേശീയ തൊഴിലില്ലായ്മ നിരക്ക് 2022 - 23 ലെ 5.1 ശതമാനത്തിൽ നിന്ന് 2023 - 24 ൽ 3.2 ശതമാനമായി കുറഞ്ഞു.

RNU TVPM

**************************************

**<u>രാജീവ് ചന്ദ്രശേഖർ</u>**

രാജ്യത്ത് തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമായ സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറിയിരിക്കുകയാണെന്ന  റിപ്പോർട്ട് ഏറെ ആശങ്ക ഉയർത്തുന്നതാണെന്ന് മുൻ കേന്ദ്ര മന്ത്രിയും ബി ജെ പി നേതാവുമായ രാജീവ് ചന്ദ്രശേഖർ. പതിറ്റാണ്ടുകൾ നീണ്ട ഇടത് - കോൺഗ്രസ് ഭരണത്തിന്റെ ബാക്കിപത്രമാണിതെന്നും

തൊഴിലില്ലായ്മ പരിഹരിക്കാൻ  എട്ട് വർഷമായി അധികാരത്തിൽ തുടരുന്ന പിണറായി വിജയൻ സർക്കാർ ഒന്നും ചെയ്തില്ലെന്നും അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു. തൊഴിലില്ലായ്മ പരിഹരിക്കാൻ അടിയന്തിര നടപടികൾ ഉണ്ടാകണമെന്ന് രാജീവ് ചന്ദ്രശേഖർ ആവശ്യപ്പെട്ടു.

****************************************

## ചീഫ് ജസ്റ്റിസ് സത്യപ്രതിജ്ഞ

കേരള ഹൈക്കോടതിയുടെ പുതിയ ചീഫ് ജസ്റ്റിസായി ജസ്റ്റിസ് നിതിൻ മധുകർ ജാംദാർ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

****************************************

## ബയോകണക്ട് - (ഇൻട്രോ)

കേരളത്തിൻറെ മുൻഗണനാ വ്യവസായ മേഖലകളായ ലൈഫ് സയൻസ് & ബയോടെക്നോളജി മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി ബയോ-കണക്ട് 2.0 ഇൻറർനാഷണൽ ലൈഫ് സയൻസ് കോൺക്ലേവിന് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. രണ്ട് ദിവസം നീണ്ടു നിൽക്കുന്ന കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....**

**(വോയിസ്........)**

PNUTVPM

****************************************

## ബയോ ഡൈവേഴ്സിറ്റി

ആഴക്കടലിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനുള്ള ബയോ ഡൈവേഴ്സിറ്റി ബീയോണ്ട് നാഷണൽ ജൂറിസ്ഡിക്ഷൻ കരാറിൽ ഇന്ത്യ ഒപ്പുവച്ചു. ന്യൂയോർക്കിൽ ഐക്യരാഷ്ട്രസഭാ ആസ്ഥാനത്ത് നടന്ന ചടങ്ങിൽ വിദേശകാര്യമന്ത്രി

ഡോ. എസ് ജയശങ്കറാണ് കരാറിൽ ഒപ്പുവച്ചത്. കരാറിൽ പങ്കു ചേരാനായതിൽ ഇന്ത്യയ്ക്ക് അഭിമാനമുണ്ടെന്ന് വിദേശകാര്യ മന്ത്രിപറഞ്ഞു.

****************************************

**<u>തൃശൂർപൂരം - റിപ്പോർട്ട് തള്ളി</u>**

തൃശൂർ പൂരവുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ എ.ഡി.ജി.പി എം ആർ അജിത് കുമാറിൻറെ അന്വേഷണ റിപ്പോർട്ട് സംസ്ഥാന സർക്കാർ തള്ളി. വീണ്ടും അന്വേഷണം വേണമെന്ന് ആഭ്യന്തര സെക്രട്ടറി നിർദ്ദേശിച്ചു. എഡിജിപിക്കെതിരെയും അന്വേഷണം നടത്താൻ ആഭ്യന്തര സെക്രട്ടറി ശുപാർശ ചെയ്തു. ഡിജിപി ഉന്നയിച്ച കാര്യങ്ങളിലാണ് അന്വേഷണത്തിന് ശുപാർശ നൽകിയിരിക്കുന്നത്. തൃശൂർ പൂരം അലങ്കോലമാക്കിയ സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. തിരുവനന്തപുരത്ത് മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

RNUTVPM

****************************************

**<u>ബ്രേക്ക്.......</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.

****************************************

**<u>പ്രധാനമന്ത്രി - മഹാരാഷ്ട്ര</u>**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മഹാരാഷ്ട്രയിലെ പൂനെ സന്ദർശിക്കും. 22,600 കോടി രൂപയുടെ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും അദ്ദേഹം നിർവ്വഹിക്കും. ജില്ലാ കോടതി മുതൽ പൂനെയിലെ സ്വർഗേറ്റു വരെയുള്ള മെട്രോ ട്രെയിൻ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. ദേശീയ സൂപ്പർ കമ്പ്യൂട്ടിംഗ് ദൗത്യത്തിന് കീഴിൽ തദ്ദേശീയമായി വികസിപ്പി ച്ചെടുത്ത ഏകദേശം 130 കോടി രൂപ വിലമതിക്കുന്ന രുദ്ര സൂപ്പർ

കമ്പ്യൂട്ടറുകൾ ശ്രീ മോദി രാജ്യത്തിന് സമർപ്പിക്കും. കാലാവസ്ഥാ ഗവേഷണങ്ങൾക്കായി രൂപപ്പെടുത്തിയ ഉയർന്ന പ്രവർത്തന ക്ഷമതയുള്ള കംപ്യൂട്ടിംഗ് സംവിധാനവും പ്രധാനമന്ത്രി മോദി ഉദ്ഘാടനം ചെയ്യും.

****************************************

**<u>മുംബൈ - കനത്ത മഴ</u>**

മഹാരാഷ്ട്രയിൽ അടുത്ത രണ്ട് ദിവസം കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മുംബൈയിലും സമീപ പ്രദേശങ്ങളിലും ഇന്നലെ പെയ്ത കനത്ത മഴയിൽ വൻ നാശനഷ്ടം ഉണ്ടായി. താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലാണ്. നിരവധി വിമാനങ്ങൾ വഴിതിരിച്ചുവിടുകയും ട്രെയിനുകൾ റദ്ദാക്കുകയും ചെയ്തു. മുംബൈ ഉൾപ്പെടെ പല ജില്ലകളിലും ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

RNU TVPM

****************************************

**<u>സ്വച്ഛതാ - ജോർജ് ഓണക്കൂർ- (ഇൻട്രോ)</u>**

ഒക്ടോബർ 2 ഗാന്ധിജയന്തി ദിനംവരെ നീളുന്ന, കേന്ദ്രസർക്കാർ ആവിഷ്കൃത പദ്ധതിയാണ് സ്വച്ഛതാ ഹി സേവ കാമ്പയിൻ. ക്യാമ്പയിൻറെ ഭാഗമായി രാജ്യത്തുടനീളം നടത്തിവരുന്ന ശുചീകരണ പ്രവർത്തനങ്ങൾക്ക് ആശംസകളുമായി പ്രശസ്ത സാഹിത്യകാരൻ ശ്രീ ജോർജ്ജ് ഓണക്കൂർ....

**<u>(വോയിസ്..........)</u>**

****************************************

**<u>കെ.പി കുഞ്ഞിക്കണ്ണൻ - പൊതുദർശനം</u>**

മുതിർന്ന കോൺഗ്രസ് നേതാവും ഉദുമ മുൻ എം.എൽ.എ യുമായ കെ. പി കുഞ്ഞിക്കണ്ണൻ അന്തരിച്ചു.

ഭൗതികശരീരം 10.30 മുതൽ 11.30 വരെ കണ്ണൂർ ഡി.സി.സി ഓഫീസിൽ പൊതുദർശനത്തിന് വച്ചു. ഉച്ചയ്ക്ക് 1 മണി മുതൽ 2 മണിവരെ കാസർഗോഡ് ഡിസിസി ഓഫീസിൽ പൊതുദർശനമുണ്ടാകും. 2 മണിക്ക് കാസർഗോഡ് നിന്ന് വിലാപയാത്ര ആരംഭിക്കും.

**************************************

**<u>അർജ്ജുൻ - ഷിരൂർ</u>**

കർണ്ണാടകയിലെ ഷിരൂരിൽ തെരച്ചിലിൽ കണ്ടെത്തിയ കോഴിക്കോട് സ്വദേശിയായ ട്രക്ക് ഡ്രൈവർ അർജുൻറേതെന്ന് കരുതുന്ന മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികൾക്ക് തുടക്കമായി. മൃതദേഹം അർജുൻറേതെന്ന് സ്ഥിരീകരിക്കുന്നതിനായി ഡി.എൻ.എ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കയച്ചു. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ പൂർത്തിയാക്കി മൃതദേഹം കുടുംബത്തിന് വിട്ടുനൽകും.

RNU TVPM

**************************************

**<u>പത്തനംതിട്ട - ഇക്കോടൂറിസം - (ഇൻട്രോ)</u>**

ഓണം കളക്ഷനിൽ വൻ കുതിപ്പുനടത്തി കോന്നി- അടവി- ഗവി ഇക്കോ ടൂറിസം സെൻ്ററുകൾ. ഈ മാസം 16 മുതൽ 22 വരെയുള്ള കണക്കനുസരിച്ചാണിത്. കെ.എസ്.ആർ.ടി.സി യുടെ ഗവി ബജറ്റ് ടൂറിസം യാത്രയ്ക്കും നല്ല പ്രതികരണമാണ് എല്ലാ ജില്ലകളിൽനിന്നും ലഭിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**
**(വോയിസ്.......)**

**************************************

**ഇടുക്കി - (ഇൻട്രോ)**

ദേവികുളം ടോൾ പ്ലാസയിലൂടെ പോകുന്ന വാഹനങ്ങളിൽ നിന്ന് ഏതാനും ദിവസത്തിനുള്ളിൽ പണം ഈടാക്കിത്തുടങ്ങും. ഇടുക്കി ജില്ലയിലെ ആദ്യ ടോൾ പ്ലാസയാണ് ദേവികുളത്തേത്. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..**

**(വോയിസ്.......)**

**************************************

**************************************

*****************

RNU TVPM